FINAL

# കാലാവസ്ഥാവ്യതിയാനം, പ്രകൃതിദുരന്തം എന്നിവയെ അതിജീവിച്ച പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണമാതൃകകൾ

അത്യപൂർവ്വങ്ങളായ ജന്തുജാലങ്ങളും, സ്ഥാനികങ്ങളായ സസ്യ ലതാദികളും കൊണ്ട് സമ്പന്നമായ കേരളം, ലോകത്തിലെ അതീവ ജൈവവൈവിധ്യ പ്രാധാന്യമുള്ള സ്ഥലങ്ങളിലൊന്നാണ്. അശാസ്ത്രീയമായ വികസന മാതൃകകളും വനനശീകരണവും നാടിന്റെ ജൈവസമ്പത്തിനെ സാരമായി ബാധിക്കുന്നു. കൂടാതെ പ്രകൃതി ദുരന്തങ്ങൾ കാരണം നഷ്ടമാകുന്നത് നമുക്ക് ചുറ്റുമുള്ള അതിസമ്പന്നമായ ജൈവവൈവിധ്യമാണ്. ഇതിന്റെ പ്രത്യാഘാതം മനുഷ്യനെ മാത്രമല്ല, ജൈവവൈവിധ്യത്തെയും ആവാസവ്യവസ്ഥ യെയും പ്രത്യക്ഷമായും, പരോക്ഷമായും ബാധിക്കുന്നു. ആരോഗ്യകരമായ ആവാസവ്യവസ്ഥകൾ പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കുന്നു എന്ന് മാത്രമല്ല അവ മനു ഷ്യന്റെ ഉപജീവനമാർഗ്ഗത്തെ നിലനിർത്തുന്നു. സന്തുലിതമായ ജൈവ-ആവാസവ്യവസ്ഥക ളുടെ പുനരുദ്ധാരണം, സംരക്ഷണം, സുസ്ഥിരോപയോഗം എന്നിവ വരുംതലമുറയുടെ കര ങ്ങളിലൂടെ സുസാധ്യമാക്കേണ്ടതുണ്ട്. പഠനത്തോടൊപ്പം ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളും കുട്ടികൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. അതിനായി കുട്ടികളെ പ്രാപ്തരാക്കുന്നതിൽ അധ്യാപകരുടെ പങ്ക് വിലപ്പെട്ടതാണ്. ഒരുവശത്ത് അശാസ്ത്രീയമായ വികസന പ്രവർത്തനങ്ങളാൽ പരിസ്ഥിതി നാശം സംഭവിക്കുമ്പോഴും, പരിസ്ഥിതി സൗഹൃദമായ ആവാസവ്യവസ്ഥ പുനരുജ്ജീവനവും, വൈവിധ്യമാർന്ന ജൈവവൈവിധ്യ സംരക്ഷണ മാതൃകകളും (പ്രകൃത്യാലുള്ളവയും, മനുഷ്യ നിർമ്മിതവും) പ്രാദേശികമായി ഗ്രാമങ്ങളിലും മറ്റും നിലനിൽക്കുന്നുണ്ട്. പക്ഷെ നാം അതിന്റെ ഗുണം അനുഭവിക്കാറുണ്ടെങ്കിലും, അത്തരം സംരക്ഷണ മാതൃകകളെ പഠിക്കാനും, മനസിലാക്കാനും, പുനരവതരിപ്പിക്കാനും ശ്രമിക്കാറില്ല. ഈ അവസരത്തിലാണ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് കേരളത്തിലെ പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളെ കുറിച്ചുള്ള തനത് മാതൃകകൾ റിപ്പോർട്ട് ചെയ്യുന്നതിനായുള്ള ശാസ്ത്ര പ്രബന്ധ രചനാ മത്സരം ഹയർസെക്കന്ററി വരെയുള്ള അധ്യാപകർക്കായി സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്നത് . മത്സര നിബന്ധനകളും പ്രൊഫോർമയും ഇതോടൊപ്പം ചേർക്കുന്നു.

മത്സര നിബന്ധനകൾ

1 ശാസ്ത്ര പ്രബന്ധം ഇംഗ്ലീഷിലോ (Times New Roman), മലയാളത്തിലോ (ML-TTKarthika) ടൈപ്പ് ചെയ്തതായിരിക്കണം.

2 പ്രബന്ധ രചന രണ്ടായിരം വാക്കുകൾ കവിയരുത് (A4 size Paper 5 Page).

3 ഫോണ്ട് സൈസ് - 12 (spacing 1.5).

4 രണ്ടു ചിത്രങ്ങൾ പ്രബന്ധത്തോടൊപ്പം അയക്കാം.

5 എൻട്രികൾ ഒറിജിനൽ ആയിരിക്കണം, മുൻപ് പ്രസിദ്ധീകരിച്ചതോ, പകർത്തി എഴുതിയതോ ആകരുത്.

6 പ്രബന്ധത്തിന് ഒരു രചയിതാവ് മാത്രമേ പാടുള്ളൂ.

7 പ്രബന്ധത്തിന്റെ പ്രിന്റ് കോപ്പി തപാലിലും, സോഫ്റ്റ് കോപ്പി പി.ഡി.എഫ് ആയി ഇ-മെയിലിലും (ksbbentries@gmail.com) അയച്ചു തരേണ്ടതാണ്.

8 പ്രബന്ധ രചയിതാവിനെപ്പറ്റിയുള്ള വിവരങ്ങൾ ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ മാത്രം എഴുതുക. പ്രബന്ധത്തിൽ എഴുതരുത്.

9 മാതൃകാ പ്രവർത്തനം ഉൾപ്പെട്ട പ്രദേശത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്, അദ്ധ്യക്ഷൻ/സെക്രട്ടറി പേര് എഴുതണം.


10 നല്ല എൻട്രികൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിൽ ഒരു പബ്ലിക്കേഷൻ തയ്യാറാക്കുന്നതാണ്. എൻട്രികൾ കെ.എസ്.ബി.ബി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.


11 മികച്ച മാതൃകകൾ റിപ്പോർട്ട് ചെയ്യുന്നതിന് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും സമ്മാനങ്ങൾ നൽകുന്നതാണ്.

എൻട്രികൾ 2019 ഒക്ടോബർ 20 നു മുൻപായി പൂരിപ്പിച്ച പ്രൊഫോർമ സഹിതം തപാലിൽ മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്. ബെൽഹാവൻ ഗാർഡൻ, കവടിയാർ, തിരുവനന്തപുരം - 695003 എന്ന വിലാസത്തിൽ അയച്ചു നൽകേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപെടുക : ഡോ. ടി എ സുരേഷ്, അസിസ്റ്റന്റ് പ്രോഗ്രാം കോർഡിനേറ്റർ (9447978921).

ഡോ. വി ബാലകൃഷ്ണൻ
മെമ്പർ സെക്രട്ടറി


Biodiversity Reporting
Programme for School Teachers
State Level Scientific
Reporting Programme
for Teachers upto Higher Secondary School
Subject : Best Practices of Biodiversity Conservation
(in the context of climate change and natural disaster in Kerala)
Entries to be submitted via e - mail on or before 20th October 2019
to ksbbentries@gmail.com
For more details
web: www.keralabiodiversity.org
KERALA STATE
BIODIVERSITY BOARD
Member Secretary
Kerala State Biodiversity Board
Kailasam, T.C./1679 (1),
No. 43, Belhaven Gardens, Kowdiar P.O.,
Thiruvananthapuram – 695 003, Ph:- 0471 2724740


Biodiversity Reporting
Programme for School Teachers
State Level Scientific
Reporting Programme
for Teachers upto Higher Secondary School
Subject : Best Practices of Biodiversity Conservation
(in the context of climate change and natural disaster in Kerala)
Entries to be submitted via e - mail on or before 20th October 2019
to ksbbentries@gmail.com
For more details
web: www.keralabiodiversity.org
KERALA STATE BIODIVERSITY BOARD
Member Secretary
Kerala State Biodiversity Board
Kailasam, T.C./1679 (1),
No. 43, Belhaven Gardens, Kowdiar P.O.,
Thiruvananthapuram – 695 003, Ph:- 0471 2724740

കേരളസംസ്ഥാന ജൈവവൈവിധ്യ ബോർഡ്
കൈലാസം, റ്റി.സി.4/1679(1), ബെൽഹാവൻ ഗാർഡൻ,
കവടിയാർ പി.ഒ, തിരുവനന്തപുരം-03

KERALA STATE
BIODIVERSITY BOARD

## സംസ്ഥാനതല പ്രബന്ധരചന മത്സരം
(ഹയർസെക്കന്ററി തലം വരെയുള്ള അധ്യാപകർക്ക്)

ഫോട്ടോ

### പ്രൊഫോർമ

1. അധ്യാപകന്റെ/ അധ്യാപികയുടെ പേര് :
2. ഫോൺ / ഇ-മെയിൽ :
3. സ്കൂളിന്റെ അഡ്രസ്സ് :
4. മേലധികാരിയുടെ പേര് :
5. മേലധികാരിയുടെ ഫോൺ/ ഇ-മെയിൽ :
6. പഠനം നടത്തിയ ജില്ല :
7. പഠനം നടത്തിയ പഞ്ചായത്ത് :
8. പഠനം നടത്തിയ പ്രദേശം/വാർഡ് :
9. മാതൃകാ പ്രവർത്തനം ഉൾപ്പെട്ട പ്രദേശത്തിലെ പഞ്ചായത്ത് സെക്രട്ടറി/ പ്രസിഡന്റിന്റെ പേര് :
10. പ്രദേശത്തിന്റെ ജി.പി.എസ് വിവരങ്ങൾ (ലഭ്യമാണെങ്കിൽ) :
11. പ്രബന്ധത്തിന്റെ തലകെട്ട് :

ഈ പ്രബന്ധത്തിൽ അടങ്ങിയ വിവരങ്ങൾ നിരീക്ഷണാത്മകവും ശാസ്ത്രീയവുമാണെന്ന് എനിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ വിവരങ്ങൾ എന്തെങ്കിലും മത്സര നിബന്ധനകൾക്ക് വിരുദ്ധമാണെന്ന് ബോധ്യപ്പെടുന്നപക്ഷം ടി പ്രബന്ധത്തെ അയോഗ്യമാക്കാവുന്നതാണ്.

തീയതി : മൽസരാർത്ഥിയുടെ ഒപ്പ് സ്കൂൾ മേലധികാരിയുടെ ഒപ്പ്

സ്കൂളിന്റെ സീൽ